ജമാൽ മലപ്പുറം

# നയംമാറ്റത്തിന്റെ നിദാനങ്ങൾ



**ദൈവത്തിന്റെ** നീതിയാണ് വിശുദ്ധ ഖുർആൻ. അത് പരിചയപ്പെടുത്തുന്ന ദൈവം നീതിമാനായതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചതുതന്നെ. ഖുർആന്റെ കാതലായ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന പരമ യാഥാർഥ്യത്തെയും കേവല സത്യത്തെയും ആദ്യമായി സാക്ഷ്യപ്പെടുത്തിയതും അവനാണ് – ഈ പ്രപഞ്ചത്തിൽ ആദ്യമായി സാക്ഷ്യവചനം (കലിമതുത്തൗഹീദ്) അവനാണ് ചൊല്ലിയത് (3:18). അതവൻ നിർവഹിച്ചത് 'നീതിയുടെ നിർവാഹകൻ' (ഖാഇമൻ ബിൽഖിസ്ത്വി) എന്ന നിലയിലായിരുന്നു എന്ന് അതേ സൂക്തത്തിൽ തന്നെ പറയുന്നു. അതിനാൽ "അവൻ നീതി കൽപിക്കുകയും" (16:90) ചെയ്യുന്നു.

ഭൗമിക ലോകത്തെ നീതിയുടെ പുലർച്ചക്കായി അവൻ ഒരുക്കിത്തന്ന സമഗ്ര സംവിധാനത്തെ വിശുദ്ധ ഖുർആൻ സംക്ഷിപ്തമായി പരിചയപ്പെടുത്തുന്നത് നോക്കുക: "നിശ്ചയമായും നാം നമ്മുടെ ദൂതന്മാരെ സുവ്യക്തമായ ന്യായപ്രമാണങ്ങളുമായി അയച്ചിരിക്കുന്നു. അവരോടൊപ്പം വേദഗ്രന്ഥവും (സത്യവും അസത്യവും തൂക്കിക്കണക്കാക്കുന്നതിനുള്ള) തുലാസും അവതരിപ്പിച്ചിരിക്കുന്നു – ജനങ്ങൾ നീതി പുലർത്തുന്നതിനു വേണ്ടി. (57:25)

'ലാ ഇലാഹ ഇല്ലല്ലാഹ്' യുടെ തന്നെ ലക്ഷ്യമാണ് നീതിയുടെ വാഴ്ച. പ്രസ്തുത ലക്ഷ്യസാക്ഷാൽക്കാരത്തിനുള്ള പ്രായോഗിക മാർഗരേഖയും സംവിധാനവുമായിട്ടാണ് ഇസ്ലാമിന്റെ കർമവശമായ 'ശരീഅത്ത്' നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. (ആദർശ വശത്തെ അഖീദ എന്ന് പറയുന്നു).

നാം ജീവിക്കുന്ന ഈ ലോകത്തും, ഈ ലോകത്ത് ജീവിച്ചുകൊണ്ടിരിക്കുന്ന നമുക്കിടയിലും, നാം നിർവഹിച്ചുകൊണ്ടിരിക്കുന്ന ജീവിതത്തിലുടനീളവും മനുഷ്യസാധ്യമായ അളവിലും തോതിലും കേവല നീതി പുലരുക എന്നതാണ് ഇസ്ലാമിക ശരീഅത്തിന്റെ മൗലിക ലക്ഷ്യം.

നീതിയുടെ നിർവഹണവും പുലർച്ചയും (അൽഖിയാമു ബിൽ ഖിസ്ത്വ്) എന്ന ഇസ്ലാമിന്റെ, വിശിഷ്യാ ഇസ്ലാമിക ശരീഅത്തിന്റെ വിശദാംശങ്ങൾ ഇസ്ലാമിക പണ്ഡിതന്മാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

അതിനാൽ പുതിയ സാഹചര്യങ്ങളിൽ ഇസ്‌ലാമിക ശരീഅത്തിന് അതിന്റെ മൗലിക ലക്ഷ്യം സാക്ഷാൽകരിക്കണമെങ്കിൽ, സമൂഹത്തോട് നീതി പുലർത്തുകയും സമൂഹത്തിൽ നീതി പുലരുകയും ചെയ്യണമെങ്കിൽ പുതിയ മതവിധികൾ ഉണ്ടായേ പറ്റൂ. അതിനുള്ള അടിസ്ഥാന സൗകര്യവും സംവിധാനവും ശരീഅത്തിന്റെ ഉള്ളിൽതന്നെയുണ്ട് എന്നതാണ് ഇസ്‌ലാമിക ശരീഅത്തിന്റെ ഏറ്റവും വലിയ സവിശേഷത. അത് സാർവജനീനവും സാർവകാലികവും ആണ് എന്നതിനുള്ള ഗ്യാരണ്ടിയും അതിന്റെ ഉള്ളിൽതന്നെ നിർമിക്കപ്പെട്ട (ബിൽഡ് ഇൻ) പ്രസ്തുത സംവിധാനമത്രെ. അതെങ്ങനെയെന്ന് പരിശോധിക്കാം.

ഇസ്‌ലാമിക ശരീഅത്തിന്റെ അനേകം സവിശേഷതകളിലൊന്ന് സൂക്ഷ്മജ്ഞനായ അതിന്റെ കർത്താവ്, അല്ലാഹു, മനുഷ്യന്റെ ഒരിക്കലും മാറ്റമില്ലാത്ത മൗലിക പ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഒരിക്കലും മാറ്റമില്ലാത്ത നിയമങ്ങളും, സ്ഥലകാലാന്തരത്തിൽ മാറ്റം വരാവുന്ന കാര്യങ്ങൾക്ക് സ്ഥലകാലാനുസൃതമായി വികസിപ്പിച്ചെടുക്കാവുന്ന, വികാസക്ഷമതയുള്ള അടിസ്ഥാന നിയമങ്ങളും നൽകിയിരിക്കുന്നു എന്നതാണ്. മുൻകാല സമൂഹങ്ങൾക്ക് കാലാന്തരത്തിൽ ശരീഅത്ത് മാറ്റിക്കൊടുത്തിരുന്നു. എന്നാൽ അന്തിമ ശരീഅത്തിൽ അതിന്റെ അകത്തുതന്നെ മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇസ്‌ലാമിക ശരീഅത്തിന്റെ, ഏതുകാലത്തേക്കുമുള്ള പ്രായോഗികത ഉറപ്പുതരുന്ന ഈ സവിശേഷത അൽപം വിശദീകരിക്കാം.

ഇസ്‌ലാമിക ശരീഅത്ത് രണ്ട് വിധമുണ്ട്: വ്യക്തമായ വിധിപ്രസ്താവം (നസ്സ്) ഉള്ളതും ഇല്ലാത്തതും. ഖണ്ഡിതമായ വിധികൾ(നസ്സ്)ഉള്ളതിന് 'ഖത്ത്ഇയ്യാത്ത്' എന്നും അതില്ലാത്തതിന് 'ള്ന്നിയ്യാത്ത്' എന്നും പറയുന്നു. വ്യക്തമായ വിധികളുള്ളത് തന്നെ രണ്ടു വിധമുണ്ട്: വിശദമായി പറഞ്ഞതും വിശദാംശം വിട്ടുതന്നതും. ഇതിങ്ങനെ രണ്ടു വിധമായത് ഒരു യാദൃച്ഛികതയായിരുന്നില്ലെന്ന് കൂടി മനസ്സിലാക്കേണ്ടതുണ്ട്.

നബി(സ) പറയുകയുണ്ടായി: അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചത് ഹലാൽ ആകുന്നു. അവൻ നിഷിദ്ധമാക്കിയത് ഹറാം ആകുന്നു. അവൻ മൗനം പാലിച്ചത് വിട്ടുതന്നതുമാകുന്നു. അതിനാൽ അല്ലാഹുവിൽനിന്ന് അവന്റെ ഇളവ് നിങ്ങൾ സ്വീകരിക്കുക. കാരണം, അവൻ യാതൊന്നും മറക്കുന്നവനല്ല, എന്നു പറഞ്ഞുകൊണ്ട് അവിടുന്ന് "നിന്റെ രക്ഷിതാവ് മറക്കുന്നവല്ല" എന്ന സൂക്തം (19:64) ഓതിക്കേൾപ്പിച്ചു. (ബസ്സാർ, ത്വബ്റാനി, ഹാകിം, ദഹബി)

മറ്റൊരവസരത്തിൽ നബി(സ) പറഞ്ഞു: 'അല്ലാഹു ചില കാര്യങ്ങൾ നിർബന്ധമാക്കിയിരിക്കുന്നു. അത് നിങ്ങൾ പാഴാക്കരുത്. അവൻ ചില പരിധികൾ (ഹുദൂദ്) നിശ്ചയിച്ചിട്ടുണ്ട്. അത് നിങ്ങൾ ലംഘിക്കരുത്. അവൻ ചില കാര്യങ്ങൾ ഹറാം ആക്കിയിരിക്കുന്നു. അത് നിങ്ങൾ ഭഞ്ജിക്കരുത്. ചില കാര്യങ്ങളെക്കുറിച്ച് മൗനം പാലിച്ചിരിക്കുന്നു. മറന്നിട്ടല്ല, നിങ്ങളോടുള്ള കരുണകൊണ്ട്. അതിനാൽ അതേപ്പറ്റി നിങ്ങൾ ചിക്കിച്ചികയരുത്'. (ദാറഖുത്നി, ബൈഹഖി, ത്വബ്റാനി)

ഇങ്ങനെ ഹലാലും ഹറാമും ഖണ്ഡിതമായി പറയാതെ മൗനം പാലിച്ച വിഷയങ്ങളിൽ എന്തു ചെയ്യണമെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. മുആദുബ്നു ജബലി(റ)നെ യമനിലേക്ക് തന്റെ ഗവർണറായി നിയമിച്ചപ്പോൾ നബി(സ) ചോദിച്ചു: 'ഒരു വിധി പ്രസ്താവിക്കേണ്ട വിഷയം വന്നാൽ താങ്കൾ എങ്ങനെ കൈകാര്യം ചെയ്യും?' 'ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളതനുസരിച്ച് വിധിക്കും.' 'അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഇല്ലെങ്കിലോ?' 'അന്നേരം അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തനുസരിച്ച്'. 'അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തിലും ഇല്ലെങ്കിലോ?' 'ഞാൻ സ്വയം ബുദ്ധി പ്രവർത്തിപ്പിച്ച് ഒരു നിഗമനത്തിലെത്തും; അതിലൊരു വീഴ്ചയും വരുത്തുകയില്ല.' അന്നേരം അതീവ സന്തുഷ്ടനായ ദൈവദൂതൻ തന്റെ കൈകൊണ്ട് മുആദിന്റെ മാറിടത്തിൽ കൊട്ടിക്കൊണ്ട് പറഞ്ഞു, 'ദൈവദൂതന് തൃപ്തികരമായ ഒരു നിലപാടെടുക്കാൻ ദൈവദൂതന്റെ ദൂതന്ന് തൗഫീഖ് ചെയ്ത അല്ലാഹുവിന് എല്ലാ നന്ദിയും.'

നസ്സ്വായും ഖണ്ഡിതമായും മാത്രമല്ല, വിശദമായി പറഞ്ഞതും അതിൽ തന്നെ ഒരുകാലത്തും മാറ്റിക്കൂടാത്തതുമായ നിയമത്തിനുദാഹരണമാണ് വിശുദ്ധ ഖുർആനിലെ അനന്തരാവകാശ നിയമങ്ങൾ. فَرِيضَةً مِّنَ ٱللَّهِ، حُدُودُ ٱللَّهِ، وَصِيَّةً مِّنَ ٱللَّهِ എന്നു വിശേഷിപ്പിച്ചതും അതിനെ ധിക്കരിച്ചവർക്ക് ശാശ്വതമായ കഠിന ശിക്ഷ വാഗ്ദാനം ചെയ്തതും (4:11-14) മനുഷ്യൻ മരവുരിയിൽ നിന്ന് പോളിസ്റ്ററിലേക്കും, കുതിരപ്പുറത്തുനിന്ന് കോൺകോർഡിലേക്കും കുതിക്കുമെന്നറിയുന്ന ഉടയതമ്പുരാൻ തന്നെയാകുന്നു.

ശരീഅത്ത്, ഖണ്ഡിതമായി നിർദേശിക്കുകയും എന്നാൽ വിശദാംശം പറയാതിരിക്കുകയും ചെയ്തതിനുദാഹരണമാണ് ശൂറാ (കൂടിയാലോചന).

وَشَاوِرْهُمْ فِى ٱلْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى ٱللَّهِ (കാര്യങ്ങളിൽ അവരു

**നീതിയുടെ സാക്ഷാത്കാരത്തിനും ദീൻ, ജീവൻ, ബുദ്ധി, ധനം, അഭിമാനം എന്നിവയുടെ സുരക്ഷക്കും, ഇസ്‌ലാമിക ദഅ്‌വത്തിന്റെ നൈരന്തര്യം ഉറപ്പുവരുത്തുന്നതിനുമുള്ള ഉചിത മാർഗങ്ങൾ കാലാകാലങ്ങളിൽ മാറിമാറി സ്വീകരിക്കേണ്ടി വരും. ഇത് പ്രകൃതി നിയമമാണ്. ശൈശവം, ബാല്യം, കൗമാരം, യൗവനം, മധ്യ വയസ്സ്, വാർധക്യം എന്നിവയിലൂടെ കടന്നു പോകുമ്പോൾ എല്ലാകാലത്തും ഒരേ നയമാണോ സ്വീകരിക്കുക? മിത്രം ശത്രുവാകുമ്പോഴും ശത്രു മിത്രമാകുമ്പോഴും ഒരേ രീതിയിൽ പെരുമാറുമോ? നയം മാറുക എന്നത് സ്വയം ഒരു ചീഞ്ഞ സംഗതിയല്ല, ഈ ലോകത്ത് നയം മാറാത്തവരായി ആരുമില്ല. നയംമാറ്റത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും മാനദണ്ഡവും ഭൗതികവും ക്ഷണികവുമായ താൽപര്യങ്ങളാകുന്നതാണ് ഗർഹണീയമാകുന്നത്.**

മായി കൂടിയാലോചിക്കുക; എന്നിട്ടൊരു തീരുമാനമെടുത്താൽ, പിന്നെ അല്ലാഹുവിൽ ഭരമേൽപിക്കുക - 3:159)

وَٱلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمْ وَأَقَامُوا۟ ٱلصَّلَوٰةَ وَأَمْرُهُمْ شُورَىٰ بَيْنَهُمْ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ

(തങ്ങളുടെ രക്ഷിതാവിന് ഉത്തരം നൽകിയവരും നമസ്കാരം സ്ഥാപിച്ചവരും തങ്ങളുടെ കാര്യം പരസ്പരം കൂടിയാലോചിക്കുന്നവരും നാമവർക്ക് നൽകിയതിൽനിന്നും ചെലവഴിക്കുന്നവരും - 42:38)

നമസ്കാരവും ധനവ്യയവും ചേർത്തുപറയുന്ന വിശുദ്ധ ഖുർആന്റെ പതിവുശൈലിയിൽനിന്ന് വ്യത്യസ്തമായി മൂന്നാമതൊരു വിഷയം ഇടക്ക് പ്രതിപാദിച്ചത് 'ശൂറാ' മാത്രമാണ് എന്നത് അതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. എന്നാൽ അത് നിർവചിക്കേണ്ട രീതി നമുക്ക് വിട്ടു തന്നിരിക്കുന്നു.

ഒരു മഹല്ലിൽ ഒരു പ്രശ്നമുണ്ടായി. പരിഹാരാർഥം കൂടിയാലോചിക്കേണ്ടിവന്നു. മഹല്ല് കമ്മിറ്റിയുടെ നിർവാഹക സമിതി ആലോചിച്ച് തീരുമാനിച്ചാൽ മതിയോ, ജനറൽബോഡി വിളിക്കേണ്ടതുണ്ടോ? തീരുമാനം കേവല ഭൂരിപക്ഷം അനുസരിച്ചോ 2/3 ഭൂരിപക്ഷം നേടിയോ, രഹസ്യ ബാലറ്റോ പരസ്യ വോട്ടിംഗോ എന്നതെല്ലാം സാഹചര്യങ്ങളും സൗകര്യങ്ങളും കണക്കിലെടുത്ത് ഇജ്തിഹാദ് ചെയ്തു തീരുമാനിക്കാം.




വിശുദ്ധ ഖുർആനിൽ ആറായിരത്തി ഇരുനൂറ്റി മുപ്പത്തിയാറ് (6666 അല്ല!) ആയത്തുകൾ ഉള്ളതിൽ നിയമ വിധികൾ അടങ്ങിയവ 500 മാത്രമാണ്. അവയിൽ തന്നെ ക്രിമിനൽ നിയമവിധികൾ (آيات الحدود) പത്തെണ്ണം മാത്രവും. ശാശ്വത നിയമങ്ങൾ പ്രഖ്യാപിക്കാത്ത വിഷയത്തിലുള്ള നിയമനിർമാണം വിശുദ്ധ ഖുർആനും തിരു സുന്നത്തിനും എതിരാകാത്തതും അവ രണ്ടിന്റേയും അടിസ്ഥാനത്തിൽ ഉരുത്തിരിച്ചെടുക്കപ്പെട്ട മൂല്യങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതവും ആയിരിക്കേണ്ടതുണ്ട്. മനുഷ്യർ ബുദ്ധി പ്രവർത്തിപ്പിച്ച് അത്തരത്തിൽ നിയമം നിർമിക്കുവാനും നിഗമനങ്ങളിൽ എത്തിച്ചേരുവാനും ഇജ്തിഹാദ് നടത്തുന്നു. ഇസ്‌ലാമിക നേതൃത്വം ഇജ്തിഹാദ് ചെയ്ത് എത്തിച്ചേർന്ന നിഗമനം തെറ്റായിപ്പോയാൽ പോലും പ്രതിഫലാർഹമാണെന്നും ഇജ്തിഹാദ് ശരിയായിരുന്നെങ്കിൽ ഇരട്ടി പ്രതിഫലത്തിനർഹമാണെന്നും നബി(സ) പറഞ്ഞിട്ടുണ്ട്.

ഇജ്തിഹാദ് അനുവദിക്കപ്പെട്ട മേഖലകളിൽ നിയമങ്ങളും നവ നിലപാടുകളും മാറിക്കൊണ്ടിരിക്കും. ശരീഅത്തിന്റെ ലക്ഷ്യം മനുഷ്യന്റെ ഇഹപരക്ഷേമം (مصلحة) ആണ്. എവിടെ മസ്‌ലഹത്ത് സാക്ഷാൽക്കരിക്കപ്പെടുന്നുവോ അവിടെ ശരീഅത്തുണ്ട് എന്നുവരെ പറഞ്ഞ പണ്ഡിതന്മാരുണ്ട്. അത് ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിലും, ഫിഖ്ഹിലെ അംഗീകൃത മാനദണ്ഡങ്ങളു(قواعد كلية)ടെ അടിസ്ഥാനത്തിലും ആകണമെന്നേയുള്ളൂ. ഇത്തരത്തിലുള്ള ഇരുപത്തിയാറ് 'ഖാഇദകൾ' ക്രോഡീകരിച്ചിട്ടുണ്ട് ഡോ. അബ്ദുൽകരീം സൈദാൻ.

അതിനാൽ മസ്‌ലഹത്തിനുവേണ്ടി, സാഹചര്യം മാറുമ്പോൾ ഫത്‌വകൾ മാറ്റേണ്ടിവരും. സ്വഹാബത്തിന്റെ കാലം മുതൽ ഇന്നേവരെ മാറിക്കൊണ്ടിരുന്നിട്ടുമുണ്ട്. ഇസ്‌ലാമിക ശരീഅത്ത് കാലത്തെ അതിജീവിച്ചത് അങ്ങനെയാണ്. സ്ഥല കാലമാറ്റങ്ങൾക്കനുസരിച്ച് ഫത്‌വ മാറുക (اختلاف الفتوى باختلاف الزمان والمكان) എന്നത് ഫിഖ്ഹിലെ ഒരംഗീകൃത അടിസ്ഥാനമാണ്. തദ്സംബന്ധമായി ഉറക്കെ ചിന്തിച്ചവരാണ് ഇബ്നുൽ ഖയ്യിം, ഖറാഫി, ഇബ്നുൽ ആബിദീൻ തുടങ്ങിയ പണ്ഡിതന്മാർ.

ഇമാം അഹ്മദ് തന്റെ 'മുസ്നദി'ൽ ഉദ്ധരിച്ച സ്വഹീഹായ ഹദീസിൽ ഇങ്ങനെ കാണാം: അംറുബ്നു ആസ് പറയുന്നു: ഞങ്ങൾ നബി(സ)യുടെ സന്നിധിയിലായിരിക്കെ ഒരു ചെറുപ്പക്കാരൻ വന്ന് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, നോമ്പുകാരനായിരിക്കെ എനിക്ക് ഭാര്യയെ ചുംബിക്കാമോ?' അദ്ദേഹം പറഞ്ഞു: 'പറ്റില്ല.' പിന്നീട് ഒരു വൃദ്ധൻ വന്ന് ചോദിച്ചു: 'തിരുദൂതരേ, ഞാൻ നോമ്പുകാരനായിരിക്കെ എനിക്ക് ഭാര്യയെ ചുംബിക്കാൻ പറ്റുമോ?' അദ്ദേഹം പറഞ്ഞു: 'പറ്റും.' ഞങ്ങൾ അപ്പോൾ പരസ്പരം നോക്കുന്നത് കണ്ട റസൂൽ(സ) പറഞ്ഞു: 'നിങ്ങളുടെ പരസ്പരമുള്ള നോട്ടം എനിക്ക് മനസ്സിലായി. വൃദ്ധന്ന് സ്വയം നിയന്ത്രിക്കാൻ കഴിയും.'

ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ സലമതുബ്നു അക്‌വഅ് പറയുകയാണ്: നബി(സ) പറഞ്ഞു: 'നിങ്ങൾ പെരുന്നാളിന് മൃഗബലി നടത്തിയാൽ അതിന്റെ മാംസം മൂന്ന് ദിവസത്തിനുശേഷം ഒട്ടും തന്നെ വീട്ടിൽ കണ്ടുപോകരുത്.' അടുത്ത വർഷം അവർ ചോദിച്ചു: 'കഴിഞ്ഞ വർഷം പോലെത്തന്നെയാണോ ഈ വർഷവും ചെയ്യേണ്ടത്?' അദ്ദേഹം പറഞ്ഞു: 'നിങ്ങൾ തിന്നുക, തീറ്റുക, സൂക്ഷിച്ചുവെക്കുക. കാരണം കഴിഞ്ഞ വർഷം ജനങ്ങൾക്ക് പ്രയാസമായിരുന്നു. നിങ്ങൾ അവരെ സഹായിക്കട്ടെ എന്ന് കരുതി.' മറ്റൊരു ഹദീസ് പ്രകാരം മദീനയിൽ പുറംനാടുകളിൽനിന്ന് ധാരാളം ആളുകൾ വന്നിട്ടുള്ളതിനാലായിരുന്നു ബലിമാംസം സൂക്ഷിക്കുന്നതിനെ നിരോധിച്ചത്. ഇതേക്കുറിച്ച് ഇമാം ശാഫിഈ(റ) പറയുന്നത് 'നിരോധത്തിന്റെ കാരണം നീങ്ങിയപ്പോൾ നിരോധവും നീങ്ങി' എന്നാണ്.

പിന്നീട് അലി(റ)യുടെ ഭരണകാലത്ത് പെരുന്നാൾ ബലിമാംസം മൂന്ന് ദിവസത്തിൽ കൂടുതൽ പൂഴ്ത്തിവെക്കരുതെന്ന് അദ്ദേഹം നിർദേശിക്കുകയുണ്ടായി, മുമ്പ് നബി(സ) നിരോധിക്കാനുണ്ടായ അതേ കാരണം ആവർത്തിച്ചതിനാൽ.

നബി(സ) ഒരേ ചോദ്യത്തിന് വ്യത്യസ്ത ആളുകൾക്ക് വ്യത്യസ്ത ഉത്തരങ്ങൾ നൽകിയിരുന്നത് ചോദ്യകർത്താക്കളുടെ സാഹചര്യവ്യത്യാസങ്ങളും ശക്തി ദൗർബല്യങ്ങളും കണക്കിലെടുത്തായിരുന്നു. തന്റെ പ്രശ്നങ്ങൾക്ക് എന്താണൊരു സമഗ്ര പ്രതിവിധി എന്ന് ചോദിച്ച ഒരാളോട് 'നീ ദേഷ്യം പിടിക്കരുത്' എന്നും രണ്ടാമതൊരാളോട് 'ഞാൻ അല്ലാ

ഹുവിൽ വിശ്വസിച്ചു എന്നു പറഞ്ഞ് നേർവഴിയിൽ ഉറച്ചു നിൽക്കുക' എന്നും മൂന്നാമതൊരാളോട് 'നീ നിന്റെ നാവിനെ നിയന്ത്രിക്കുക' എന്നും പറഞ്ഞതായി ഹദീസുകളിൽ കാണാം.

നബി(സ) യുടെ കാലത്ത് ഒറ്റപ്പെട്ട ആരെയെങ്കിലും കള്ളുകുടിച്ചതിന് കൂട്ടിക്കൊണ്ടുവന്നാൽ അവിടെ കൂടിയവരോട് അയാളെ അടിക്കാൻ പറയുകയായിരുന്നു പതിവ്. അദ്ദേഹം നിർത്താൻ പറയുന്നതുവരെ അടിച്ചുകൊണ്ടിരിക്കുമെന്നല്ലാതെ ആര്, എത്ര അടിയടിക്കണമെന്ന് നിജപ്പെടുത്തിയിരുന്നില്ല. അടുത്ത കാലം വരെയും മുഴുകുടിയന്മാരായിരുന്ന അവരുടെ പശ്ചാത്തലത്തെ പരിഗണിച്ചായിരുന്നു അത്. പിന്നീട് അബൂബക്റി (റ)ന്റെ കാലത്ത് കള്ളുകുടിയുടെ ശിക്ഷ 40 അടിയായി നിജപ്പെടുത്തി. ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ ഭരണമായപ്പോൾ അദ്ദേഹം വിവരസ്ഥന്മാരോട് ആലോചിച്ച ശേഷം അത് 80 അടിയായി നിശ്ചയിച്ചു. അദ്ദേഹം ഒറ്റയടിക്ക് നാൽപത് 80 ആക്കിയതല്ല എന്നും ഇടക്കാലത്ത് 60 പരീക്ഷിച്ചുനോക്കി എന്നും റിപ്പോർട്ടുണ്ട്. ഉസ്മാൻ(റ)വിന്റെ കാലത്ത് ചിലരെ 40-ഉം ചിലരെ 80-ഉം അടിക്കുമായിരുന്നു. ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് നിർണിതമായ മതവിധിയില്ലാത്തിടത്ത് സാഹചര്യാനുസാരം മതവിധികൾ മാറിക്കൊണ്ടിരിക്കുമെന്നാണ്. റമദാനിൽ കള്ളുകുടിച്ച ഒരാളോട് ഉമറുബ്നുൽ ഖത്ത്വാബ് (റ) പറഞ്ഞു: ഞങ്ങളുടെ കുട്ടികൾ നോമ്പെടുക്കുമ്പോൾ നീ കള്ളുകുടിക്കുകയോ? എന്നിട്ട് അയാളെ 80 അടിയടിക്കുകയും സിറിയയിലേക്ക് നാടുകടത്തുകയും ചെയ്തു. അലി(റ) റമദാനിൽ കള്ളുകുടിച്ചൊരു കവിയെ 80 അടിയടിച്ച് ഒരു രാത്രി തടവിലിട്ട് പിറ്റേന്ന് വീണ്ടും 20 അടികൂടി കൊടുത്താണ് പറഞ്ഞയച്ചത്.

പ്രവാചക(സ)ന്റെ കാലത്ത് ഫിത്വ്ർ സകാത്ത് നൽകപ്പെട്ടിരുന്നത് ഭക്ഷ്യവസ്തുക്കളായിട്ടായിരുന്നു. അവയുടെ വിലയായി നാണയം കൊടുത്താൽ മതിയാകുമായിരുന്നില്ല. മാത്രമല്ല, റമദാൻ അവസാന ദിവസത്തെ പ്രഭാത നമസ്കാരത്തിനു ശേഷവും പെരുന്നാൾ നമസ്കാരത്തിന് മുമ്പുമായിട്ടായിരുന്നു അത് നൽകേണ്ടിയിരുന്നതും. ജനസാന്ദ്രത കുറവായിരുന്നതിനാലും എല്ലാവർക്കും എല്ലാവരെയും അറിയാവുന്നതിനാലും ഭക്ഷ്യവസ്തു വിതരണം എളുപ്പമായിരുന്നു. പിന്നീട് സ്വഹാബികളുടെ കാലത്ത് പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ്തന്നെ ഫിത്വ്ർ സകാത്ത് കൊടുത്തുതുടങ്ങി. ഇമാമുകളുടെ കാലമായപ്പോഴേക്ക് അത് റമദാനിന്റെ പകുതി മുതലും തുടക്കം മുതലും വരെ ആകാമെന്നായി. കൂടാതെ നിർദേശിക്കപ്പെട്ട ഭക്ഷ്യവസ്തുക്കൾക്ക് പകരം ഓരോ നാട്ടിലെയും മുഖ്യ ആഹാരവസ്തുക്കളാണ് നൽകേണ്ടത് എന്ന് വിധിയുണ്ടായി. കാരണം പെരുന്നാൾ ദിവസം ഒരാളും പട്ടിണി കിടക്കരുതെന്നും അന്യരുടെ നേരെ കൈ നീട്ടേണ്ടിവരരുതെന്നും പ്രവാചകൻ ലക്ഷ്യനിർണയം നടത്തിയിട്ടുള്ളതാണവർ മുന്നിൽവെച്ചത്. ഇതിനാൽ ഖലീഫ ഉമറുബ്നു അബ്ദിൽ അസീസിന്റെയും ഇമാം അബൂ ഹനീഫ(റ)യുടെയും കാലമായപ്പോഴേക്ക് ഫിത്വ്ർ സകാത്തായി ഭക്ഷ്യവസ്തുക്കളുടെ വില നൽകിയാൽ മതി എന്ന നിലവന്നു. പാവങ്ങൾക്ക് കൂടുതൽ പ്രയോജനകരം വില നൽകുന്നതാണെങ്കിൽ അതിനായിരിക്കണം മുൻഗണന എന്നുവരെ നിർദേശിക്കപ്പെട്ടു. ഫിത്വ്ർ സകാത്തായി നൽകപ്പെടുന്ന വസ്തുവിന്റെ അളവിലുമുണ്ടായി ഏറ്റപ്പറ്റുകൾ. പ്രവാചകൻ(സ) ഈത്തപ്പഴം, മുന്തിരി, യവം തുടങ്ങിയവയിൽ ഏതെങ്കിലുമൊന്നിന്റെ ഒരു സ്വാഅ് നൽകണമെന്ന് നിർദേശിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ അനുയായികളിൽ പലരും പ്രസ്തുത വസ്തുക്കളുടെ ഒരു സ്വാഇന്ന് സമാനമായ അര സ്വാഅ് ഗോതമ്പ് നൽകിയിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

വിശുദ്ധ ഖുർആൻ സകാത്തിന്റെ അവകാശികളായി നിശ്ചയിച്ചിട്ടുള്ള 8 വിഭാഗത്തിലൊന്ന് 'മുഅല്ലഫതുൽ ഖുലൂബ്' ആണല്ലോ. ഉമറുബ്നുൽ ഖത്ത്വാബ്(റ) അവർക്ക് സകാത്ത് കൊടുക്കുന്നത് നിർത്തലാക്കി. ഇസ്‌ലാമിന് ഇന്നാരെയും പ്രീണിപ്പിക്കേണ്ട കാര്യമില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായം.

ഉമറുബ്നുൽ ഖത്ത്വാബ്(റ) കൊടിയ വരൾച്ചക്കാലത്ത് കട്ടവന്റെ കൈ മുറിക്കുന്നത് നിർത്തലാക്കിയിരുന്നതും ഇവിടെ അനുസ്മരണീയമാണ്.

നബി(സ)യുടെയും അബൂബക്ർ സിദ്ദീഖിന്റെയും കാലത്ത് ഒന്നിച്ചുള്ള മൂന്ന് മൊഴിചൊല്ലൽ ഒരൊറ്റ മൊഴിചൊല്ലലായി മാത്രമേ പരിഗണിക്കപ്പെട്ടിരുന്നുള്ളൂ. എന്നാൽ ഉമറിന്റെ കാലമായപ്പോഴേക്ക് ആളുകൾ പ്രസ്തുത വിധിയെ ദുരുപയോഗം ചെയ്യുന്നത് കണ്ടപ്പോൾ അത് മടക്കിയെടുക്കാൻ പറ്റാത്ത രീതിയിലുള്ള മൂന്ന് മൊഴിചൊല്ലലായിത്തന്നെ പരിഗണിക്കുമെന്ന വിധി നൽകുകയുണ്ടായി.

യുദ്ധത്തിൽ പരാജയപ്പെട്ട ശത്രുവിന്റെ കൃഷിഭൂമി മുസ്‌ലിം പടയാളികൾക്ക് പങ്കുവെച്ച് കൊടുക്കുമായിരുന്നു

**യുദ്ധത്തിൽ പരാജയപ്പെട്ട ശത്രുവിന്റെ കൃഷിഭൂമി മുസ്‌ലിം പടയാളികൾക്ക് പങ്കുവെച്ച് കൊടുക്കുമായിരുന്നു പ്രവാചകന്റെയും അബൂബക്ർ സിദ്ദീഖിന്റെയും കാലത്ത്. എന്നാൽ ഉമർ(റ) അത് നിർത്തലാക്കുകയും ഭൂമി ഉടമകൾക്ക് വിട്ടുകൊടുത്ത് അവരോട് നികുതി വാങ്ങിയാൽ മതിയെന്ന് നിശ്ചയിക്കുകയും ചെയ്തു. സ്വഹാബിമാരുടെ മാത്രമല്ല, താബിഉകളുടെയും ചരിത്രത്തിൽ ഇതുപോലുള്ള സംഭവങ്ങൾ അതായത്, ഖണ്ഡിതമായി വിധിയില്ലാത്തിടത്ത് പണ്ഡിതന്മാർ സാഹചര്യാനുസാരം വിധി പുറപ്പെടുവിക്കുമായിരുന്ന അനേകം സംഭവങ്ങൾ കാണാം. ആയതിനാൽ, ഇമാം ശാഫിഈ ഈജിപ്തിലേക്ക് താമസം മാറിയതിനു ശേഷം, പുതിയ അറിവിന്റെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ പഴയ ഫത്‌വകൾ പലതും മാറ്റിപ്പറഞ്ഞപ്പോൾ, പഴയ ഖൗലും പുതിയ ഖൗലും ആയി സ്വീകരിച്ചതല്ലാതെ, 'ഇറാഖിൽ അങ്ങനെ ഈജിപ്തിൽ ഇങ്ങനെ, അന്നു ഹലാൽ ഇന്നു ഹറാമോ' എന്നൊന്നും ഇമാം ശാഫിഈ(റ)യോട് ആരും ചോദിച്ചില്ല.**

പ്രവാചകന്റെയും അബൂബക്ർ സിദ്ദീഖിന്റെയും കാലത്ത്. എന്നാൽ ഉമർ(റ) അത് നിർത്തലാക്കുകയും ഭൂമി ഉടമകൾക്ക് വിട്ടുകൊടുത്ത് അവരോട് നികുതി വാങ്ങിയാൽ മതിയെന്ന് നിശ്ചയിക്കുകയും ചെയ്തു.

സ്വഹാബിമാരുടെ മാത്രമല്ല, താബിഉകളുടെയും ചരിത്രത്തിൽ ഇതുപോലുള്ള സംഭവങ്ങൾ അതായത്, ഖണ്ഡിതമായി വിധിയില്ലാത്തിടത്ത് പണ്ഡിതന്മാർ സാഹചര്യാനുസാരം വിധി പുറപ്പെടുവിക്കുമായിരുന്ന അനേകം സംഭവങ്ങൾ കാണാം. ആയതിനാൽ, ഇമാം ശാഫിഈ ഈജിപ്തിലേക്ക് താമസം മാറിയതിനു ശേഷം, പുതിയ അറിവിന്റെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ പഴയ ഫത്‌വകൾ പലതും മാറ്റിപ്പറഞ്ഞപ്പോൾ, പഴയ ഖൗലും പുതിയ ഖൗലും ആയി സ്വീകരിച്ചതല്ലാതെ, 'ഇറാഖിൽ അങ്ങനെ ഈജിപ്തിൽ ഇങ്ങനെ, അന്നു ഹലാൽ ഇന്നു ഹറാമോ' എന്നൊന്നും ഇമാം ശാഫിഈ(റ)യോട് ആരും ചോദിച്ചില്ല. ഇജ്തിഹാദിന്റെ അടിസ്ഥാനത്തിൽ ഫത്‌വ മാറ്റേണ്ടി വന്ന ഒരു പണ്ഡിതനെയും അക്കാരണത്താൽ ആരും തേജോവധം നടത്തുകയുണ്ടായില്ല. ശരീഅത്ത് സംബന്ധിച്ച് അന്ന് സാധാരണക്കാരനും സാമാന്യ വിവരം ഉണ്ടായിരുന്നതാവണം കാരണം.

ഐഹിക ജീവിതത്തിന്റെ ഭദ്രമായ നടത്തിപ്പിനും ഭാസുരമായ ഉന്നമനത്തിനും അതിലൂടെ പരമമായ പരലോക വിജയത്തിനും മനുഷ്യനെ പ്രാപ്തമാക്കുന്ന ദൈവപ്രോക്തമായ പ്രായോഗിക നിയമസംഹിതയുടെ, ഇസ്‌ലാമിക ശരീഅത്തിന്റെ, ശാശ്വതീകതയെയും കാലോചിതമായ സങ്കോചവികാസക്ഷമതയെയും കുറിച്ചാണ് ഇതുവരെ ചർച്ച ചെയ്തത്. അതായത് മുഹമ്മദ് റസൂൽ(സ) അല്ലാഹുവിന്റെ അന്തിമ റസൂൽ (ശരീഅത്ത് വാഹകൻ) ആണെന്ന പരിപ്രേക്ഷ്യത്തിൽ. എന്നാൽ ഒരു പ്രവാചകനും, പ്രബോധകനും, പ്രസ്ഥാന നായകനും (നബി) എന്ന നിലയിൽ സ്ഥലകാലാന്തരങ്ങളെയും സാഹചര്യ വ്യത്യാസങ്ങളെയും അദ്ദേഹം വിലയിരുത്തി പെരുമാറിയത് എങ്ങനെ, അവയോട് പ്രതികരിച്ചത് എങ്ങനെ, അവയെ എത്രകണ്ട് പ്രയോജനപ്പെടുത്തുകയുണ്ടായി എന്നുകൂടി കണക്കിലെടുക്കേണ്ടതുണ്ട്.

തന്റെ അതിമഹത്തായ ദൗത്യം ആരംഭിച്ചത് പരമ രഹസ്യമായിട്ടായിരുന്നു. തെറ്റുകുറ്റങ്ങളിൽനിന്ന് മാത്രമല്ല, ജനം കൈവെക്കുന്നതിൽനിന്നുകൂടി(5:67) സുരക്ഷിതനാക്കപ്പെട്ട (മഅ്സ്വൂം), അല്ലാഹു സദാ കൂടെയുണ്ടായിട്ടും അവന്റെ സന്ദേശം ലോകത്തോട് മുഴുവൻ പരസ്യപ്പെടുത്തേണ്ടതായിട്ടും എന്തുകൊണ്ടതിനെ ആരംഭത്തിൽ മൂന്നു വർഷത്തോളം രഹസ്യമാക്കി? ആ 'രഹസ്യമാക്കലി'ന്റെ രഹസ്യമെന്തായിരുന്നു? പത്നി ഖദീജ(റ), മക്കളായ സൈനബ്, ഉമ്മുകുൽസൂം, റുഖിയ്യ എന്നിവർ, ഭൃത്യൻ സൈദുബ്നു ഹാരിസ, കുടുംബാംഗത്തെപ്പോലെയായിരുന്ന പിതൃവ്യപുത്രൻ അലി, ഉറ്റതോഴനും ചിരകാല കുടുംബ സുഹൃത്തുമായ അബൂബക്ർ എന്ന അബ്ദുല്ലാഹിബ്നു ഉസ്മാൻ എന്നിവർ മാത്രമായിരുന്നല്ലോ ആദ്യവിശ്വാസികൾ. (ഇസ്‌ലാമിലെ ആദ്യത്തെ 'പാരമ്പര്യ മുസ്‌ലിം' എന്ന് വിശ്വസിക്കാവുന്ന പ്രവാചകപുത്രി ഫാത്വിമ(റ) പിന്നെയും ഒരു വർഷം കഴിഞ്ഞാണ് ജനിച്ചത്)

നല്ല വിവരസ്ഥനും വ്യാപാര പ്രമുഖനും പരന്ന ജീവകാരുണ്യ പ്രവർത്തനങ്ങളാലും ഉന്നത സ്വഭാവ ഗുണങ്ങളാലും ജനങ്ങൾക്കിടയിൽ പ്രിയങ്കരനുമായിരുന്ന അബൂബക്റിന്റെ അതിവിപുലമായ വ്യക്തിബന്ധങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് രഹസ്യമായി സന്ദേശമെത്തിക്കുകയും, അവരത് തങ്ങളുടെ വിശ്വസ്തരായ സുഹൃത്തുക്കൾക്ക് കൈമാറുകയും ചെയ്യുക എന്നതായിരുന്നു പ്രബോധനത്തിന്റെ ആദ്യരീതി. അനുഷ്ഠാന കർമങ്ങളിൽ ആദ്യമായി നിർബന്ധമാക്കപ്പെട്ട നമസ്കാരം മക്കയുടെ വിദൂരതയിൽ മലമടക്കുകളിൽ ചെന്ന് മറ്റാരും കാണാതെ നിർവഹിക്കുകയായിരുന്നു പതിവ്. അങ്ങനെ രഹസ്യപ്രബോധനം രണ്ടര വർഷം പിന്നിട്ടപ്പോൾ കണ്ടുപിടിക്കപ്പെട്ടു. കണ്ടുപിടിച്ചവർ മുസ്‌ലിംകളെ പരിഹസിച്ചു. പരിഹാസം വാക്കുതർക്കമായി, കയ്യേറ്റമായി.

പ്രവാചകൻ അടുത്ത കുടുംബത്തെ, ബന്ധുക്കളെ, പിന്നീട് അകന്ന ബന്ധുക്കളെ എന്ന ക്രമത്തിലായിരുന്നു പ്രബോധനം ചെയ്തിരുന്നത്. പ്രതിബന്ധങ്ങൾ നിശ്ശബ്ദം സഹിച്ചു. ഒരിക്കലും ഒരു ചെറുവിരൽ പോലും പ്രബോധിതർക്കെതിരെ ഉയർത്തിയില്ല. അധർമങ്ങളെ എതിർത്തപ്പോൾ പോലും അധർമകാരികളെ വേദനിപ്പിച്ചില്ല. വിഗ്രഹങ്ങളെ ചീത്ത വിളിച്ചില്ല, വിഗ്രഹസാന്ദ്രമായിരുന്നിട്ടും ഹറമിൽവെച്ച് അദ്ദേഹം പ്രാർഥിച്ചുകൊണ്ടിരുന്നു. പ്രബോധനത്തിന്റെ പൊതു നയമായിരുന്നു ഇത്.

പ്രവാചകത്വലബ്ധിയുടെ നാലാം വർഷമായതോടെ പരസ്യ പ്രബോധനത്തിനുള്ള നിർദേശം ലഭിച്ചു (15:94, 26:214–215). ഏകദൈവത്വ വിശ്വാസത്തിന്റെ മുദ്രാവാക്യം 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന് ഉറക്കെ വിളിച്ചുപറഞ്ഞുതുടങ്ങി. അതോടെ അതിൽ ആദ്യാക്ഷരം 'ലാ' സൂചിപ്പിക്കുന്ന മൗലികമായ ചില നിഷേധങ്ങൾ എന്തെന്തെല്ലാം തങ്ങൾക്ക് നഷ്ടപ്പെടുത്തിക്കളയുമെന്ന് വളരെ വേഗം തിരിച്ചറിഞ്ഞ മക്കയിലെ മാടമ്പികൾ അടങ്ങിയിരുന്നില്ല. ആകെ ഇളകിവശായ അവർ അതിക്രൂരമായ അടിച്ചമർത്തലുകളും നിഷ്ഠുരമായ പീഡനങ്ങളും മുഖേന സൃഷ്ടിച്ച മാരകാന്തരീക്ഷം, മുഹമ്മദീയ ദൗത്യത്തിൽ വിശ്വസിക്കുകയും ആചരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക അതീവ ദുഷ്കരവും ഒരളവോളം അചിന്ത്യവുമാക്കിത്തീർത്തു. എന്നാൽ പ്രവാചകൻ(സ) സ്വയം അടിയുറച്ചുനിൽക്കുകയും വിശ്വാസികളുടെ ചെറു പീഡിത സംഘത്തെ തന്റെ പുറകിൽ അടിയുറച്ച് നിർത്തുകയും ചെയ്തു; കിട്ടിയ അതേ നാണയത്തിൽ തിരിച്ചുകൊടുക്കാതെ! അവിശ്വസനീയമാംവിധം അഹിംസാത്മകമായ ഒരു സഹന സമരം!!

സംശയിക്കുകയും ചോദ്യംചെയ്യുകയും അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്തിരുന്ന പുതു തലമുറയുടെയും, നീതി നിഷേധിക്കപ്പെട്ടവരും ഒന്നും നഷ്ടപ്പെടാനില്ലാത്തവരുമായ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ആത്മാവുകളിൽ അന്ത്യപ്രവാചകൻ ആളിക്കത്തിച്ചിരുന്ന അഗ്നിയണക്കുവാൻ ദണ്ഡനമുറകൾക്കാവില്ലെന്ന് മനസ്സിലാക്കിയ മക്കയുടെ മേധാവികൾ സന്ധിയും സമവായവുമായി മുഹമ്മദി(സ)നെ സമീപിക്കാൻ തുടങ്ങി. കനത്ത പ്രലോഭനങ്ങൾ പ്രവാചകനെ പ്രബോധനത്തിൽനിന്ന് പിന്തിരിപ്പിച്ചില്ല. അവർ അദ്ദേഹത്തെ വധിച്ചുകളയാൻ തന്നെ തീരുമാനിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ രക്തബന്ധുക്കളായ ബനൂ ഹാശിം, ബനൂ മുത്ത്വലിബ് ഗോത്രങ്ങൾ അവിശ്വാസികളായിട്ടും അദ്ദേഹത്തെ വിട്ടുകൊടുക്കാൻ തയാറായില്ല. അതോടെ അവരൊഴിച്ചുള്ള മുഴുവൻ മക്കയും ചേർന്ന് സാമ്പത്തിക ഉപരോധം അടിച്ചേൽപിച്ചു. ശിഅ്ബ് ബനൂ മുത്ത്വലിബ് എന്ന മലയോരത്തിൽ അവരെ തളച്ചിട്ടു.

ഉപരോധം 2 വർഷം പിന്നിട്ടപ്പോൾ 3-ാം വർഷത്തിന്റെ തുടക്കത്തിൽ ബനൂഹാശിം, ബനൂ മുത്ത്വലിബ് ഗോത്രങ്ങളുടെ ദയനീയാവസ്ഥയിൽ ധാർമിക രോഷംകൊണ്ട് 5 അവിശ്വാസിനേതാക്കന്മാർ രംഗത്തുവന്ന് കഅ്ബക്കകത്ത് കെട്ടിത്തൂക്കിയിരുന്ന, അപ്പോഴേക്കും ചിതലരിച്ചുതുടങ്ങിയ ഉപരോധ രേഖ പിച്ചിച്ചീന്തുകയും ഉപരോധിതരെ മോചിപ്പിക്കുകയും ചെയ്തു. ഈ പീഡന കാലത്താണ് അന്ത്യപ്രവാചകൻ അനുയായികളോട് എത്യോപ്യയിലേക്ക് ഹിജ്റ പോകാൻ നിർദേശിച്ചത്. ഏതായാലും പ്രബോധനം രാജ്യാതിർത്തികൾ ഭേദിക്കാൻകൂടി ഇടയായ വളരെ വ്യക്തമായ ഒരു നയംമാറ്റമായിരുന്നു അത് എന്ന കാര്യത്തിൽ സംശയമില്ല. എത്യോപ്യയിലേക്കുള്ള ഹിജ്റക്ക് മുമ്പ് അതിന്നവരെ മാനസികമായി സന്നദ്ധരാക്കും വിധമുള്ള ഖുർആൻ സൂക്തങ്ങൾ അവതരിച്ചുകൊണ്ടിരുന്നു എന്നതും ശ്രദ്ധേയമാണ് (29:56–60, 39:10). അന്യമത

സ്ഥരോട് ആശയവിനിമയം നടത്തുന്നതിനുള്ള മികച്ച നയനിലപാട് നിർദേശിക്കപ്പെട്ടതും (29:46) ഇക്കാലത്താണ്.

അടിയുറച്ച് വിശ്വസിക്കുന്ന ആദർശത്തെ ആചരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ള ഹിജ്റ എന്ന പറിച്ചുനടൽ പോലും എല്ലാവരെക്കൊണ്ടും (അവർ ദശക്കണക്കിന് ഉണ്ടായിട്ടും) സാധ്യമാകാത്ത ദുഷ്കരമായ ഒരു സമയമായിരുന്നു അത്.

ചുരുക്കത്തിൽ, സ്ഥലപരമായി രണ്ടിടത്തായിരുന്നല്ലോ പ്രബോധനം കേന്ദ്രീകരിച്ചിരുന്നത്. ആദ്യം മക്കയിലും പിന്നെ മദീനയിലും. കാലപരമായി ആദ്യം മക്കയിൽ 13 വർഷവും പിന്നെ മദീനയിൽ 10 വർഷവും. ഇരു സ്ഥലങ്ങളിലെയും പ്രബോധന പ്രചാരണങ്ങൾക്കു പ്രകടവും അനിഷേധ്യവുമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. തദ്സംബന്ധമായ വിശുദ്ധ ഖുർആന്റെ പ്രതിപാദനങ്ങളിലും പ്രതിപാദന ശൈലിയിലുംവരെ അത് പ്രതിഫലിക്കുന്നത് കാണാം. ഉദാ: മക്കാകാലഘട്ടത്തിൽ അവതരിച്ച സൂറഃകൾ ആദർശ സമർഥനത്തിലും വിശ്വാസികളുടെ സ്വഭാവ രൂപീകരണത്തിലും കേന്ദ്രീകരിക്കുമ്പോൾ, ഇസ്‌ലാമിക ശരീഅത്തിന്റെ വിശദാംശങ്ങൾ നമുക്കു നൽകുന്നത് മദീനാഘട്ടത്തിലെ സൂറഃകൾ ആണ്. ശൈലിയിലും കാണാം ഇത്. ഉദാ: യാ അയ്യുഹല്ലദീന ആമനൂ (ഹേ! വിശ്വസിച്ചവരേ) എന്നൊരു വിളി മക്കീ സൂറഃകളിൽ കാണുകയില്ല.

ഇരു കാലഘട്ടങ്ങളിലുമുള്ള പ്രവാചകന്റെ നയനിലപാടുകളെ വിശകലനം ചെയ്താൽ അവയെ വീണ്ടും താഴെ കൊടുത്തവിധം വിഭജിക്കാവുന്നതാണ്.

1. ആദ്യത്തെ 3 വർഷങ്ങൾ
2. 3 മുതൽ 6 വരെ വർഷങ്ങൾ
3. 6 മുതൽ 10 വരെ വർഷങ്ങൾ
4. 10 മുതൽ 13 വരെ വർഷങ്ങൾ
5. ഹിജ്റ മുതൽ ബദ്ർ വരെ (2 വർഷം)
6. ബദ്ർ മുതൽ ഖൻദഖ് വരെ (2-5 വർഷം)
7. ഖൻദഖ് മുതൽ മക്കാവിജയം വരെ (5-8 വർഷം)
8. ഫത്ഹ് മക്ക മുതൽ പ്രവാചകന്റെ വഫാത്ത് വരെ.

പ്രസ്തുത കാലയളവിലുടനീളം പ്രവാചകന്റെ പ്രവർത്തന ശൈലിയും നയനിലപാടുകളും മുൻഗണനാക്രമവും മാറിക്കൊണ്ടിരിക്കുന്നതായി കാണാം. ഉദാ: മക്കയിലെ ആദ്യത്തെ 3 വർഷങ്ങൾ മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ രഹസ്യ പ്രബോധനമായിരുന്നെങ്കിൽ മക്കയിലെ അവസാനത്തെ 3 വർഷങ്ങൾ പരസ്യ പ്രബോധനത്തിന്റെ പാരമ്യമായിരുന്നു. രഹസ്യ പ്രബോധന കാലത്ത് നിൽക്കക്കള്ളിയുണ്ടായിരുന്നില്ലെങ്കിൽ മക്കയിലെ അവസാനത്തെ 3 വർഷം മദീനയിൽ നിലയുറപ്പിക്കുന്നതിന് വേണ്ടിയുള്ള ആസൂത്രിത നടപടികൾ ആയിരുന്നല്ലോ നടന്നിരുന്നത്. എത്യോപ്യയിലേക്കുള്ള ഹിജ്റയും തിരിച്ചുവരവും വീണ്ടും അവിടേക്ക് തന്നെയുള്ള ഹിജ്റയും പ്രവാചകന്റെ ത്വാഇഫിലേക്കുള്ള ഹിജ്റയും തിരിച്ചുവരവും തുടങ്ങി ഓരോന്നും വിശകലനം ചെയ്താൽ ഇസ്‌ലാം ആചരിക്കുവാനും പ്രചരിപ്പിക്കുവാനും ആവശ്യമായ സ്വാതന്ത്ര്യത്തിനും സ്വൈരത്തിനും വേണ്ടി സ്വീകരിച്ച നടപടികളുടെ വൈവിധ്യവും നയനിലപാടുകളുടെ വ്യത്യാസവും ബോധ്യപ്പെടുന്നതായിരിക്കും.

മദീനയിലേക്ക് ഹിജ്റ വന്നതോടെ എല്ലാ രംഗത്തും അടിമുടി മാറ്റമുണ്ടായി. അഹിംസാത്മകമായ സഹന സമരം അവസാനിപ്പിച്ചു. ആക്രമിക്കപ്പെട്ടാൽ തിരിച്ചടിക്കാൻ അനുവദിക്കപ്പെട്ടു. ബദ്റും ഉഹുദും ഉണ്ടായി. എന്നാൽ ഖൻദഖ് യുദ്ധത്തോടുകൂടി ആക്രമിക്കപ്പെട്ടാൽ മാത്രമുള്ള പ്രതിരോധയുദ്ധം എന്ന നിലയും നയവും മാറി. ഖൻദഖിൽനിന്ന് പിന്തിരിഞ്ഞ് ഓടുമ്പോൾ സഖ്യസേനയുടെ പടത്തലവൻ അബൂസുഫ്‌യാൻ മുസ്‌ലിം പടത്തലവന്(സ) അയച്ച ഭീഷണിക്കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു.

"........... നിന്നെ ഉന്മൂലനം ചെയ്യാൻ വന്നതായിരുന്നു ഞങ്ങൾ. അറബികൾക്ക് അറിഞ്ഞുകൂടാത്ത ഒരു കുതന്ത്രം മുഖേന നീ രക്ഷപ്പെട്ടു. അറബികൾക്ക് അറിയാവുന്നത് വാൾതലപ്പുകൾ മാത്രമാണ്. നിനക്ക് ഞാൻ ഒരു ദിവസം വെച്ചിട്ടുണ്ട്. ഉഹുദ് പോലൊരു ദിവസം!"

ഇതിന് പ്രവാചകൻ അയച്ച മറുപടിക്കത്ത് നയവ്യത്യാസം കൊണ്ടുമാത്രമല്ല, വ്യത്യസ്ത ശൈലികൊണ്ടുകൂടി ശ്രദ്ധേയമായിരുന്നു. അബൂസുഫ്‌യാൻ എന്ന അയാളുടെ ഇഷ്ടപ്പേര് ഒഴിവാക്കി, സഖ്റുബ്നു ഹർബ് എന്ന് സംബോധന ചെയ്തുകൊണ്ട് ആരംഭിച്ച കത്തിൽ പ്രവാചകൻ ഇങ്ങനെ പറയുകയുണ്ടായി: "......... ഞങ്ങൾക്ക് രക്ഷനൽകുന്നവൻ അല്ലാഹു ആണ്, നിനക്ക് ഒരു ദിവസം വരാൻ പോകുന്നുണ്ട്. അന്ന് ലാത്ത, ഉസ്സ, അസാഫ്, നാഇല, ഹുബൽ തുടങ്ങി നിങ്ങളുടെ ദൈവങ്ങളെ ഞാൻ അടിച്ചു തകർക്കുന്നതായിരിക്കും, ഓർമ വെച്ചുകൊള്ളൂ, തഗ്‌ലബ് ഗോത്രത്തിലെ പമ്പരവിഡ്ഢീ!"

എന്നിട്ട് പ്രവാചകൻ(സ) ഒരു നയപ്രഖ്യാപനം നടത്തി: "ഈ വർഷത്തിന് ശേഷം ഖുറൈശികൾ ഒരിക്കലും നമ്മോട് യുദ്ധം ചെയ്യുകയില്ല. ഇനി നാം അവരോടായിരിക്കും യുദ്ധം ചെയ്യുക. അതേ, നാം അവരിലേക്ക് അങ്ങോട്ട് മാർച്ച് ചെയ്യുന്നതായിരിക്കും."

ന്യായമായ പ്രതിരോധ യുദ്ധം നീതിപൂർവകമായി നടത്തിയിരുന്നപ്പോഴും ഭീഷണികൾക്ക് വഴങ്ങാതിരുന്നപ്പോഴും അതൊരിക്കലും ഒരു മാറ്റമില്ലാത്ത നയമായിരുന്നില്ല. അബൂസുഫ്‌യാനെ മാത്രമല്ല, മക്കയിലെ നേതാക്കന്മാരായ മുഴുവൻ വിഡ്ഢികളെയും പാഠം പഠിപ്പിക്കാൻ അടുത്ത വർഷം തന്നെ അവസരം ലഭിച്ചപ്പോൾ അദ്ദേഹം സ്വീകരിച്ച നിലപാട് നോക്കൂ.

അല്ലാഹുവിന്റെ ആജ്ഞ അനുസരിച്ച് 1400 അനുയായികളുമായി ഉംറക്കു പോയപ്പോൾ, മക്കക്കാർ ഒരു കാലത്തും ഒരാളോടും ചെയ്തിട്ടില്ലാത്ത ഒരു ധിക്കാരം പ്രവാചകനോട് കാണിച്ചു. മക്കയിലേക്കുള്ള തീർഥാടകരുടെ പ്രവേശനം തടഞ്ഞു. മാധ്യസ്ഥ്യശ്രമങ്ങൾ പരാജയപ്പെടുകയും സായുധമായി നേരിടുക അനിവാര്യമാവുകയും ചെയ്തപ്പോൾ കൂടെയുണ്ടായിരുന്നവർ നിരായുധരായിരുന്നിട്ടുപോലും ഒരാളൊഴികെ ഒന്നടങ്കം മക്കയുടെ നഗരകവാടങ്ങളിൽ മരിച്ചുവീഴാൻ പ്രതിജ്ഞയെടുക്കുകയും ചെയ്തപ്പോൾ പോലും, അംഗീകൃതവും പ്രഖ്യാപിതവുമായ നയം മാറ്റി ദീർഘദൃക്കായ ഒരു ദൈവദൂതനല്ലാതെ മറ്റാർക്കും അഭിമാനകരമെന്ന് തോന്നാനിടയില്ലാത്തവിധമുള്ള ഒരു സന്ധി (ഹുദൈബിയാ സന്ധി)യിൽ അദ്ദേഹം ഒപ്പുവെക്കുന്നു. തന്റെ പ്രസ്ഥാനത്തിന്റെ പ്രചുരപ്രചാരണത്തിന് കളവും കാലവും ഒരുങ്ങിയും മെരുങ്ങിയും കിട്ടുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നോട്ടവും തേട്ടവും. സന്ധിയെ തുടർന്നുണ്ടായ സമാധാനാന്തരീക്ഷത്തിലായിരുന്നു പ്രസ്ഥാനം ഏറ്റവും കൂടുതൽ നേട്ടങ്ങൾ കൊയ്തതും. പ്രസ്തുത 1400 പേർ അടുത്ത വർഷം കരാറനുസരിച്ചുള്ള ഉംറക്ക് പോയപ്പോൾ രണ്ടായിരം തീർഥാടകരായതും അതിനും അടുത്ത വർഷം ഹിജ്റ 8-ൽ അനാക്രമണ സന്ധി ലംഘിച്ച മക്കക്കാരോട് പ്രതികാരം ചോദിക്കാൻ പോകുമ്പോൾ പതിനായിരം പടയാളികൾ ആയി വളർന്നതും തെളിയിക്കുന്നത് അതാണ്. സുപ്രസിദ്ധമായ മക്കാ വിജയത്തിൽ കലാശിച്ച ആ ചരിത്ര മുഹൂർത്തത്തിൽ, തന്റെ പ്രസ്ഥാനത്തെയും പാവപ്പെട്ട അനുയായികളെയും കണ്ണീരിലും ചോരയിലും മുക്കിക്കൊല്ലാൻ ശ്രമിച്ചിട്ടുള്ളവരോട് എണ്ണിയെണ്ണി കണക്ക് തീർക്കാൻ അനുവാദവും കഴിവും ഉണ്ടായിരുന്നിട്ടും പ്രതികാര നയമല്ല, അവിശ്വസനീയമായ വിട്ടുവീഴ്ചാ നയമാണ് പ്രവാചകൻ(സ) കൈക്കൊണ്ടത്.

ജൂതന്മാരോടുള്ള സമീപനത്തിലും നയംമാറ്റങ്ങൾ കാ

ണാം. മദീനയിൽ തുടക്കത്തിൽ തുല്യ പൗരത്വം നൽകിയിരുന്നതും പിന്നീട് അവരിലെ രാജ്യദ്രോഹികളെ അവിടെനിന്ന് തുരത്തേണ്ടി വന്നതും ഓർക്കാവുന്നതാണ്. ദൈവിക ദീനിനെ മറ്റെല്ലാ ദൈവേതര ദീനുകളേക്കാളും വിജയിപ്പിക്കുന്നതിന് വേണ്ടി നിയോഗിക്കപ്പെട്ട അന്ത്യപ്രവാചകൻ ദൈവിക ശരീഅത്തിന്റെ പ്രയോഗവൽക്കരണത്തിനും ദൈവിക സന്ദേശത്തിന്റെ പ്രചാരണത്തിനും വേണ്ടിയുള്ള സമര ജീവിതത്തിൽ ലക്ഷ്യ സാഫല്യത്തിന് കൂടുതൽ ഉതകുന്ന ഉചിതവും ഉൽകൃഷ്ടവുമായ മാർഗങ്ങൾ (അഫ്ദലു ത്ത്വുറുഖി ലി തഹ്ഖീഖി മഖാസിദിശ്ശരീഅ) സ്വീകരിക്കുകയായിരുന്നു. ഇതിനെയാണ് ശർഇയ്യായ നയംമാറ്റം എന്ന് വിളിക്കുന്നത്. അന്ത്യപ്രവാചകൻ എടുത്തുകൊണ്ടിരുന്നതും ഏൽപിച്ചു തന്നിട്ടുള്ളതുമായ പണി ഇന്നെടുത്തുകൊണ്ടിരിക്കുന്നവർക്കും പ്രസ്തുത പ്രവാചക മാതൃക പിൻപറ്റുകയേ നിർവാഹമുള്ളൂ.

വിശുദ്ധ ഖുർആനിലോ തിരു സുന്നത്തിലോ വ്യക്തമായ വിധിയില്ലാത്ത വിഷയങ്ങളിൽ ഇജ്തിഹാദ് നടത്തുക, സ്ഥല കാല ഭേദമനുസരിച്ച് ഫത്‌വ മാറുക തുടങ്ങിയ മുകളിൽ വിശദീകരിച്ച ഇസ്‌ലാമികാടിസ്ഥാനങ്ങൾ മുമ്പിൽവെച്ചു വേണം ഇന്ത്യയിലെ ഇസ്‌ലാമിക പ്രവർത്തകരുടെ ഇജ്തിഹാദുകളെയും നിലപാടുമാറ്റങ്ങളെയും വിലയിരുത്താൻ. ഇന്ത്യയുടേത് പോലുള്ള സങ്കീർണമായ സാഹചര്യങ്ങളിൽ ഇസ്‌ലാമിക പ്രവർത്തനത്തിന്റെ ദിശ നിർണയിക്കുവാൻ ഇജ്തിഹാദ് നടത്തുകയേ നിർവാഹമുള്ളൂ. കാലഭേദവും സാഹചര്യങ്ങളിലുണ്ടാവുന്ന വമ്പിച്ച മാറ്റങ്ങളും അതതു കാലത്തെ മുസ്‌ലിംകളുടെ സമീപനങ്ങളിലും നിലപാടുകളിലും നീക്കുപോക്കുകൾ നടത്തുവാൻ നിർബന്ധിക്കുന്നു. എന്തുതന്നെയായാലും, ഇസ്‌ലാമിക താൽപര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് ഇജ്തിഹാദിന്റെ ലക്ഷ്യം. എന്നതുകൊണ്ട് തെറ്റിയാൽ പോലും പ്രതിഫലമുള്ള ഇജ്തിഹാദു തന്നെയാണ്.

നീതിയുടെ സാക്ഷാത്കാരത്തിനും ദീൻ, ജീവൻ, ബുദ്ധി, ധനം, അഭിമാനം എന്നിവയുടെ സുരക്ഷക്കും, ഇസ്‌ലാമിക ദഅ്‌വത്തിന്റെ നൈരന്തര്യം ഉറപ്പുവരുത്തുന്നതിനുമുള്ള ഉചിത മാർഗങ്ങൾ കാലാകാലങ്ങളിൽ മാറിമാറി സ്വീകരിക്കേണ്ടി വരും. ഇത് പ്രകൃതിനിയമമാണ്. ശൈശവം, ബാല്യം, കൗമാരം, യൗവനം, മധ്യ വയസ്സ്, വാർധക്യം എന്നിവയിലൂടെ കടന്നുപോകുമ്പോൾ എല്ലാകാലത്തും ഒരേ നയമാണോ സ്വീകരിക്കുക? മിത്രം ശത്രുവാകുമ്പോഴും ശത്രു മിത്രമാകുമ്പോഴും ഒരേ രീതിയിൽ പെരുമാറുമോ? നയം മാറുക എന്നത് സ്വയം ഒരു ചീത്ത സംഗതിയല്ല, ഈ ലോകത്ത് നയം മാറാത്തവരായി ആരുമില്ല. നയംമാറ്റത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും മാനദണ്ഡവും ഭൗതികവും ക്ഷണികവുമായ താൽപര്യങ്ങളാകുന്നതാണ് ഗർഹണീയമാകുന്നത്. ഇസ്‌ലാമിൽ അതിന്നും മൗലികവും തനതുമായ ഒരു രീതിശാസ്ത്രമുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നയംമാറ്റം അഭിലഷണീയമാണ്, അനിവാര്യവും.

**വാൽക്കഷ്ണം:**

ഹിജ്റ 386-ൽ അന്തരിച്ച, മാലികി മദ്ഹബിലെ മഹാപണ്ഡിതനും 'അൽരിസാല' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ കർത്താവുമായ ഇമാം അബൂ മുഹമ്മദുബ്നു അബീ സൈദ് അൽഖൈറുവാനിയുടെ വീടിന്റെ ചുമര് ഇടിഞ്ഞുവീണപ്പോൾ അദ്ദേഹം കാവലിന് ഒരു നായയെ വളർത്തി. ഇമാം മാലിക് നായ വളർത്തൽ മക്റൂഹാക്കിയിട്ടുണ്ടല്ലോ എന്ന് ആരോ ചൂണ്ടിക്കാട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു: 'എടോ, നിന്റെയൊക്കെ ഈ കാലത്ത് ഇമാം മാലിക് ജീവിച്ചിരുന്നുവെങ്കിൽ വീട്ടിൽ സിംഹത്തെ തന്നെ വളർത്തുമായിരുന്നു!' ■